# കഥാനായകൻ

(നോവൽ)

കാരൂർ സോമൻ

# അധ്യായം 1

1960

മാടനപൊയ്കയിലേക്കു ആ നാട്ടിൽ പെയ്തിറങ്ങിയ മഴവെള്ളമെല്ലാം കുതിച്ചൊഴുകി. എത്ര പെയ്തിട്ടും മഴമേഘങ്ങൾ ആകാശത്ത് കനം പൂണ്ടുനിന്നു. പുളഞ്ഞൊഴുകിയ മഴവെള്ള പാച്ചിലുകളിൽ മണ്ണ് വന്യമായൊരു അനുഭൂതി അറിഞ്ഞു. ആരേയും കൂസാതെ വീശിയ കാറ്റിനു കടലിരമ്പത്തിന്റെ ശബ്ദമായിരുന്നു. അണച്ചും പിന്നെ അലറിയും വീശിയ കാറ്റ് താമരക്കുളം ഗ്രാമത്തിനെ ഉലച്ചു. പറവകൾ നിശബ്ദരായി. ഇടയ്ക്കു വെട്ടിത്തിളങ്ങുന്ന മിന്നൽപിണറിൽ തെങ്ങോലകൾ എരിഞ്ഞുകത്തി.മാടനപൊയ്ക നിറയാൻ തുടങ്ങി. നീണ്ടു കിടന്ന ചതുപ്പിലേക്കു ഒലിച്ചെത്തിയ വെള്ളം കറുത്തുകലങ്ങിക്കിടന്നു. പൊയ്കക്കു ചുറ്റും നിന്നിരുന്ന വൻ മരങ്ങളും പൊയ്കയിൽ പൊടിച്ചു പന്തലിച്ച കുറ്റിച്ചെടികളും വെള്ളത്തിന്റെ നനവറിഞ്ഞു. പൊയ്കയ്ക്കു നടുവിൽ മാടനു ദാഹമകറ്റാനുള്ള കിണർ ദുർഭൂതം കണക്കെ ഉയർന്നുനിന്നു.

ആ പെരുംമഴയത്ത് സോമൻ മാടനപൊയ്കയെ നോക്കി നിന്നു. കാറ്റിൽ അവന്റെ നനഞ്ഞുനിന്ന മുടിയിഴകൾ പോലും ഉലഞ്ഞുകൊണ്ടിരുന്നു. ഒലിച്ചിറങ്ങിയ മഴവെള്ളം അവനെ ആകെ നനച്ചു. പകുതി പിഞ്ഞിയ ഷർട്ടും ട്രൗസറും അവന്റെ ശരീരത്തോടു ഒട്ടിക്കിടന്നു. മുഖത്തടിച്ചു പെയ്യുന്ന മഴത്തുള്ളികളുടെ തണുപ്പിൽ അവന്റെ കുഞ്ഞുതാടിയെല്ല് വിറച്ചു. മാടനപൊയ്കയിലേക്കു കുലംകുത്തിയൊഴുകുന്ന വെള്ളവും ആർത്തുപെയ്യുന്ന മഴയും അവന്റെ കണ്ണുകളെ തിളക്കമുള്ളതാക്കി. സോമന്റെ മനസും ശരീരവും മഴയെ അറിഞ്ഞുകൊണ്ടിരിന്നു.

മഴക്കാലത്ത് മാടനപൊയ്ക ഇങ്ങനെയാണ്. കണ്ണെത്താ കായലുപോലെ വെള്ളം നിറഞ്ഞുകിടക്കും. വേനലിൽ ഇടയ്ക്കിടെ ചതുപ്പും പിന്നെ വരണ്ടുവിണ്ട ചെളിക്കട്ടകളുമായി പൊയ്ക മൂകമായി കിടക്കും. ഇഴജന്തുക്കളും ഊളന്മാരും രാപ്പാർക്കുന്നയിടമാകും അവിടം. പൊയ്കയിൽ പൊട്ടിമുളച്ച കാട്ടുചെടികളിൽ ഗന്ധകം മണക്കുന്ന പൂക്കളുടെ സാന്നിധ്യമുണ്ടാകും. കഴിഞ്ഞുപോയ മഴക്കാലത്തിന്റെ ഓർമയായി ഉണങ്ങിത്തുടങ്ങുന്ന ആമ്പൽത്തലകൾ അവിടവിടെയായി കാണാം. പൊയ്കയുടെ അരികിലുള്ള വളഞ്ഞുപുളഞ്ഞു പോകുന്ന ഒറ്റയടിപ്പാതയിലൂടെ പകൽപോലും ഒറ്റയ്ക്ക് ആരും പോകാറില്ല. മഴ പെയ്തു തുടങ്ങിയാൽ പൊയ്കയുടെ രൂപവും ഭാവവും മാറുകയായി. നനവറിയുന്ന പൊയ്കയിൽ പിന്നെ ജീവന്റെ തുടിപ്പുകൾ ഉണരുകയായി. പരലും വരാലും കാരിയും അവിടെ നിറയും. തവളകൾക്ക് ഇണ ചേരാൻ കടുകുപായലുകൾ നിറഞ്ഞ പൊയ്ക കാത്തിരിക്കും. മീൻക്കൊത്തികളും ഞാറകളും അവിടെ പറന്നെത്തും. തലയുയർത്തി നിൽക്കുന്ന നീർക്കോലികളും ചേറാമകളും

പൊട്ടുകൾ പൊലെ പൊയ്കയിൽ കാണാം. എങ്കിലും മനുഷ്യനു നിഷിദ്ധമാണ് മാടാനപൊയ്ക. മാടന്റെ കണ്ണുകൾ മനുഷ്യനുമേൽ പതിച്ചാൽ വീടെത്തുംമുമ്പേ ആയുസ്സൊടുങ്ങും എന്നു നിശ്ചയം. പൊയ്കയുടെ കാവലാളാണ് മാടൻ... മാടന്റേതാണ് പൊയ്ക...

കാലങ്ങൾക്കുമുമ്പേ, പേരുകേട്ട നമ്പൂതിരിയായ ഒരു മന്ത്രവാദി പൊയ്കയെക്കുറിച്ചും പൊയ്കയുടെ അധിപനായ മാടനെക്കുറിച്ചും അറിഞ്ഞ് താമരക്കുളത്തെത്തി. നാട്ടുകാരൊക്കെയും നമ്പൂതിരിയെ പിന്തിരിപ്പിക്കാൻ ശ്രമിച്ചു. ഒരുപാട് മാടന്മാരേയും മറുതമാരേയും ഗന്ധർവ കിന്നരന്മാരേയും ചെപ്പിലാക്കിയിട്ടുണ്ടെന്നായിരുന്നു ആ മന്ത്രവാദിയുടെ മറുപടി. പൊന്നു കെട്ടിയ മാന്ത്രികവടിയുമായി ആ നമ്പൂതിരി പൊയ്കക്കരികിൽ ഒരു പകലും ഒരു രാത്രിയും മാടനെക്കാത്തിരുന്നു. നേരം പാതിരാവാകുന്നതിനു മുമ്പേ നാലിഴ ജന്തുക്കൾ ലക്ഷണം കാട്ടി നമ്പൂതിരിക്കുമുന്നിൽ വന്നെങ്കിലും അയാൾ പിന്തിരിഞ്ഞില്ല.

രാത്രിയുടെ ഏഴുയാമങ്ങൾ കഴിഞ്ഞപ്പോൾ നമ്പൂതിരിയുടെ കഴുത്തിലണിഞ്ഞിരുന്ന രുദ്രാക്ഷ മാല ആരുമറിയാത്ത വണ്ണം പൊട്ടിവീണു. നിലാവിരുണ്ടതോടെ കാര്യങ്ങളുടെ പോക്ക് പന്തികേടാണെന്നു നമ്പൂതിരിക്കു തോന്നി. ചെന്നിയിലൂടെ ഒലിച്ചിറങ്ങിയ വിയർപ്പുചാലുകൾ അയാളുടെ ശരീരത്തെ നനച്ചു. തൊണ്ടക്കുഴിക്കുള്ളിൽ ഉമിനീരു വറ്റുന്നതുപോലെ. ജ്വരക്കോളിൽ പിടയ്ക്കും പോലെ അയാളുടെ ശരീരംമുഴുവൻ വിറയ്ക്കാൻ തുടങ്ങി. കണ്ണുകളിൽ കാന്താരിമുളകിന്റെ എരിവു പടർന്നു. പഠിച്ചുവച്ച മന്ത്രക്കെട്ടുകളുടെ ധൈര്യത്തിൽ അയാൾ കരുത്തോടെ ചോരാതെ നിന്നു. ഒരു ചെറു ചീവീടിന്റെ ഒച്ചപോലുമില്ല. കാറ്റൊഴിയാത്ത ആ കാലത്ത് തെങ്ങോലകളും ചെടിത്തലപ്പുകളും നിശബ്ദം നിന്നു. പൊന്നുകെട്ടിയ മാന്ത്രിക ദണ്ഡ് നെഞ്ചോടു ചേർത്തു ഉഗ്രമന്ത്രങ്ങൾ ഉരുവിടാൻ തുടങ്ങി. മന്ത്ര തപത്തിന്റെ ഉഗ്രതയിൽ തന്റെ വലതുകാലിന്റെ പെരുവിരൽ പൊള്ളിത്തുടങ്ങുന്നത് അയാളറിഞ്ഞു.

നിമിഷങ്ങൾ പിന്നേയും കടന്നു പൊയ്ക്കൊണ്ടിരുന്നു. മന്ത്രവാദി കനലുപോലെ ജ്വലിക്കാൻ തുടങ്ങി. തെളിഞ്ഞുനിന്ന ആകാശത്ത് അപ്രതീക്ഷിതമായാണ് ഒരു വെള്ളിടി വെട്ടിയത്. മാടാന പൊയ്ക മുഴുവൻ ആ വെള്ളിവെളിച്ചത്തിൽ തെളിഞ്ഞു. ഒരു നിമിഷത്തെ ആകാശ വെളിച്ചത്തിൽ നമ്പൂതിരി ആ കാഴ്ച കണ്ടു. പൊയ്കയ്ക്കു നടുവിലെ കിണറിനെ മൂടി ഒരു ഭയാനക രൂപം. ബാഹുക്കളിൽ തീപ്പട്ട് ചുറ്റി, ജട പിടിച്ചു ചിതറിക്കിടക്കുന്ന തലമുടിക്കെട്ടുകൾ അഗ്നിനാളം പോലെ ഉയർന്നുനിന്ന്, മാറിൽ ഘോരവനം പോലെ ഇരുണ്ട രോമം തിങ്ങി നിറഞ്ഞ്, അതിനുമേൽ തലയോട്ടിയുടെ കണ്ഠാഭരണം അമർന്നുകിടന്ന് ഒരു ഭീകരരൂപം. വിരലുകളിൽ നഖങ്ങൾ പനയോലച്ചീളുപോലെ നിണ്ടുകിടക്കുന്നു. കണ്ണുകൾ ചോരക്കുടം പോലെ. നെറ്റിയിൽ

നീണ്ടുപരന്നുകിടക്കുന്ന കരിക്കുറി. ചുവന്നുതുടുത്ത വായ്ക്കുള്ളിൽ വെള്ളി തിളങ്ങുംപോലെ നീണ്ടു നിൽക്കുന്ന തേറ്റകൾ. തേറ്റകൾക്കിപ്പുറത്തേക്കു പേ നായ് കിതപ്പറിയിക്കും പോലെ നീണ്ടു ചലിക്കുന്ന ഇരട്ട നാവ്.

ഒന്നേ നോക്കിയുള്ളൂ. നമ്പൂതിരിയുടെ അടിവയറിൽനിന്നു ആളിക്കത്തിയ ആന്തൽ ശരീരം മുഴുവൻ പടർന്നു. മന്ത്രങ്ങൾ ചൊല്ലി തഴമ്പിച്ച നാവ് അന്നാദ്യമായി നിശബ്ദമായി. കൈയിലെ ദണ്ഡിൽ ചാർത്തിയ പൊന്നിന്റെ തിളക്കം കെട്ടുപോയി. കൊടുങ്കാറ്റു പോലെ പാഞ്ഞുവരുന്ന ഭീകരരൂപത്തിന്റെ മുന്നിൽ നമ്പൂതിരി ഒന്നുമല്ലാതായി. യക്ഷികളേയും ഗന്ധർവൻമാരേയും ഒടിയൻമാരേയും വരച്ചവരയിൽ നിർത്തിയ അയാൾ ആ നിമിഷം മകരമഞ്ഞിന്റെ കൊടുംതണുപ്പിൽപോലും ആലില പോലെ വിറച്ചുവിയർക്കാൻ തുടങ്ങി. കൊടുങ്ങല്ലൂർ കാവിലമ്മയെ മനസിലോർത്ത് അമ്മേ... എന്നു വിളിച്ചു ഓടുകയായിരുന്നു പിന്നെ അയാൾ.

മാടാന പൊയ്കയുടെ അതിരുകഴിഞ്ഞ് പിന്നെയും കുറെ ദൂരം കഴിഞ്ഞിട്ടാണ് അയാൾ നിന്നത്. തിരിഞ്ഞു നോക്കുമ്പോൾ പൊയ്കയിൽ പടർന്ന ഇരുട്ടിൽ ലയിച്ചുനിൽക്കുന്ന മാടനെ ഒരു നോക്കുകൂടി നമ്പൂതിരി കണ്ടു. അമ്മേ... എന്നു വിളിക്കാൻ അയാളുടെ നാവ് പിന്നെ പൊന്തിയില്ല. പിന്നീടുള്ള കാലമത്രയും നാവനങ്ങാതെ ഇല്ലത്തിന്റെ ഏതോ കോണിൽ ജീവതാവസാനം വരെ കഴിയേണ്ടി വന്നു അയാൾക്ക്.

മാടൻ പൊയ്കയ്ക്കു പുറത്തുവരാൻ പല മന്ത്രവാദികളും കാത്തിരുന്നു. പൊയ്കയ്ക്കു പുറത്ത് മാടൻ ദുർബലനായേക്കാം. പക്ഷെ പൊയ്കയ്ക്കുള്ളിൽ മാടൻ അതിശക്തനാണ്. അവിടെവച്ചു അവനെത്തളയ്ക്കാൻ ഒരു ശക്തിക്കുമാവില്ല. പൊയ്കയ്ക്കു പുറത്തേയ്ക്കു പോകാൻ മാടനും താത്പര്യമില്ലത്രേ. അതുകൊണ്ടു തന്നെ മാടനെ അതിന്റെ പാട്ടിനുവിട്ട് താമരക്കുളത്തെ നാട്ടുകാർ മാടനപൊയ്കയെ അവരുടെ ജീവിതത്തിൽനിന്നും ഒഴിവാക്കി നിർത്തി.

പൊയ്കയുടെ കരയിലെ മരക്കൊമ്പ് ഒടിഞ്ഞുവീഴുന്ന ശബ്ദം കേട്ടു സോമൻ ഞെട്ടി. ചീന്തിയെടുത്തതുപോലെ ശീലാന്തി മരത്തിന്റെ കൊമ്പ് പൊയ്കയിലേക്കു വീണുകിടക്കുന്നു. സോമൻ ചെറുതായൊന്നു വിറയ്ക്കാൻ തുടങ്ങി. ഇത്രവലിയ കമ്പ് ചീന്തിവീഴണമെങ്കിൽ മാടൻ തന്നെയായിരിക്കും അത് ചെയ്തിരിക്കുക. മാടന്റെ മാളമായ കിണർ നിറഞ്ഞു കഴിഞ്ഞിരിക്കുന്നു. മഴവെള്ളത്തിൽ കുതിർന്ന മാടൻ മരക്കമ്പിൽ കയറിയതാകുമോ.... മാടന്റെ ഭാരം താങ്ങാനാകാതെ കമ്പൊടിഞ്ഞുവീണതാണോ... ആ കുഞ്ഞുമനസിൽ വേവലാതിയുണർന്നു.

മഴയ്ക്കുമുമ്പ് തൊടിയിലെ കിണറ്റിൽനിന്നും വെള്ളമെടുക്കാൻ പോയതാണ് സോമൻ.

കുടം കിണറ്റിൻ കരയിൽ വച്ചു മാടനപൊയ്കയിലേക്കു വെറുതെ വന്നതാണ്. കിളികളും അണ്ണാറക്കണ്ണന്മാരും പാറിയും ഓടിയും കളിക്കുന്ന മാടനപൊയ്ക അവനേറെ ഇഷ്ടമാണ്. മനുഷ്യനൊഴികെ സകല ജന്തുക്കളേയും സ്നേഹിക്കുന്ന മാടനെ അതുകൊണ്ട് അവനു ഉള്ളാലെ ഇഷ്ടവുമാണ്. പൊയ്കക്കരികിലെ മരത്തണലിലിരുന്നു ഓരോ സ്വപ്നങ്ങൾ കാണുക അവന്റെ ശീലമാണ്. അപ്പച്ചനും അമ്മച്ചിയും കാണാതെ അവൻ മാടനപൊയ്കക്കരികിലെത്തും. അപ്പച്ചന്റെ തല്ലിൽനിന്നും അമ്മച്ചിയുടെ ശകാരത്തിൽനിന്നും രക്ഷനേടാൻ മാടനപൊയ്കയാണ് അവനു രക്ഷ.

പക്ഷെ ഇന്നു കാര്യങ്ങൾ ആകെ തെറ്റിയിരിക്കുന്നു. പെട്ടന്നായിരുന്നു മാനത്ത് കാർമേഘങ്ങൾ ഉരുണ്ടുകൂടിയത്. തുള്ളിക്കൊരുകുടം പേമാരി പെയ്തിറങ്ങിയത്. നേരം ഇരുണ്ടുപോയതുപോലെ. ഇനിയിപ്പോ ഈ മഴയത്ത് എങ്ങിനെ വീട്ടിലെത്താനാണ്. അവൻ മഴയേൽക്കാതിരിക്കാൻ മരത്തോടു ചേർന്നുനിന്നു.

നിറഞ്ഞുനിന്ന പൊയ്ക മഴത്തുള്ളികളുടെ അനക്കത്താൽ തുടിച്ചുനിന്നു. മരക്കൂട്ടത്തിനിടയിൽ എവിടെനിന്നോ ഒരു കൂമന്റെ മൂളൽ. ഒരു നിമിഷം, അവന്റെ കണ്ണുകൾ നിശബ്ദമായി. പൊയ്കയിലൂടെ അവനരികിലേക്കു ഒരു പാമ്പ് നീന്തിവരുന്നു. ശരീരത്തിനുചുറ്റും സ്വർണനിറ വട്ടങ്ങളുള്ള ഈ പാമ്പിനെ ഇതുവരെ താൻ കണ്ടിട്ടില്ല. ഇത് മൂർഖനോ ശംഖുവരയനോ അല്ല. മണ്ണിൽ പുതഞ്ഞുകിടക്കുന്ന ചേനത്തണ്ടനോ രണ്ടുതലയുള്ള ഇരുതലമൂരിയോ അല്ല. ചേരയോ നീർക്കോലിയോ അല്ല. തിളങ്ങുന്ന ആ പാമ്പിനെ നോക്കി സോമൻ മനസിൽ പറഞ്ഞു.....

മാടൻ...

അമ്മച്ചീ.... എന്നു വിളിക്കാൻ നാവുയർത്തുംമുമ്പേ നനഞ്ഞു കുതിർന്ന പുറത്തേയ്ക്കും ചൂരൽകൊണ്ടുള്ള അടിയാണ് കിട്ടിയത്. പിറകിൽ അരിശം കൊണ്ടു വിറയ്ക്കുന്ന അപ്പച്ചൻ. തുടരെ വരുന്ന അടികൾകൊള്ളാൻ നിൽക്കാതെ സോമൻ വീട്ടിലേക്കു ഓടി. തിരഞ്ഞോടുന്നതിനിടെ അവൻ പൊയ്കയിലേക്കു നോക്കി. നീന്തിവന്ന പാമ്പനെ കാണാനില്ല. പിടിച്ചുനിർത്തിയതുപോലെ മഴ ശമിച്ചിരിക്കുന്നു. പിന്നെ ചൂരലുമായി മാടനെപ്പോലെ അപ്പച്ചൻ പാഞ്ഞുവരുന്നതുമാത്രം അവൻ കണ്ടു.